മിനിമം ബസ്സ് ചാർജ്ജ്.

* 777. [26] ശ്രീ. എം. എ. ആൻറണി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മിനിമം ബസ്സ് ചാർജ്ജ് പത്തു പൈസയായി കുറയ്ക്കുന്ന കാര്യം പ്രൈവറ്റ് ബസ്സുകൾക്കും ബാധകമാക്കുമോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

മിനിമം ബസ്സ് ചാർജ്ജ് പ്രൈവറ്റ് ബസ്സുകൾക്കും കൂടി ബാധകമാക്കണമെന്നാണ് ഗവണ്മെൻറ് ഉദ്ദേശിക്കുന്നത്.

വ്യവസായ ശാലകൾക്കാവശ്യമുള്ള അസംസ്കൃത സാധനങ്ങളുടെ വിതരണം.

* 778. [27] ശ്രീ. പി. നാരായണൻ തമ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ ശാലകൾക്ക് ആവശ്യമുള്ള അസംസ്കൃത സാധനങ്ങൾ നീതി പൂർവ്വകമായി വിതരണം നടത്തുന്നില്ല എന്ന പരാതി അടുത്ത കാലത്ത് കിട്ടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) 1963–64–ൽ കേന്ദ്ര ഗവണ്മെൻറിൽ നിന്നും സ്റ്റോറിലുള്ള വ്യവസായികളുടെ ഫൗണ്ടറികൾക്ക് എത്ര ടൺ പിഗ് അയൺ വീതം അലോട്ട് ചെയ്തിട്ടുണ്ട് ;

(സി) വിതരണം കിട്ടിയ വ്യവസായികളുടെ ഉല്പന്നങ്ങൾ ഗവണ്മെൻറ് പരിശോധിച്ചിട്ടുണ്ടോ ; കോട്ടാ ശരിയായി ചെലവഴിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) 1964–65- വർഷത്തേക്ക് ഈ സ്റ്റോറിലേക്ക് എത്ര പിഗ് അയൺ ആവശ്യമുണ്ട് എന്ന് എസ്റ്റിമേറ്റ് ചെയ്തിട്ടുണ്ടോ ;

(ഈ) അതിലേക്ക് ആവശ്യമായ അപേക്ഷ അയച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ;

(എഫ്) പിഗ് അയണിൻറെ കുറവുകാരണം ഫൗണ്ടറികൾ പൂട്ടേണ്ടി വന്നിട്ടുള്ളതായി ഗവണ്മെൻറിൻറെ അറിവിൽ പെട്ടിട്ടുണ്ടോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) വ്യവസായ ശാലകൾക്ക് ആവശ്യമുള്ള അസംസ്കൃത സാധനങ്ങൾ നീതിപൂർവ്വകമായി വിതരണം നടത്തുന്നില്ല എന്ന പരാതി കിട്ടിയിട്ടില്ല. എന്നാൽ തൃശ്ശൂർ ജില്ലയിലെ പിഗ് അയൺ അലോട്ട്മെൻറ് മറ്റുള്ള ജില്ലകളെ അപേക്ഷിച്ച് കുറവാണെന്ന പരാതി കിട്ടിയിട്ടുണ്ട്. അതിനെപ്പറ്റി അന്വേഷണം നടത്തിവരുന്നു.

(ബി) വിവരങ്ങളടങ്ങിയ ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട്. †

(സി) ഉല്പന്നങ്ങൾ പരിശോധിക്കാറില്ല. എന്നാൽ ഏതാവശ്യത്തിനു വേണ്ടിയാണോ കോട്ടാ അനുവദിക്കുന്നത് ആ ആവശ്യത്തിനുവേണ്ടിത്തന്നെയാണോ വ്യവസായികൾ അവ വിനിയോഗിക്കുന്നത് എന്ന് സസൂക്ഷ്മം പരിശോധിക്കണമെന്ന് ജില്ലാ വ്യവസായ ആഫീസർമാർക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. അവർ അതു ചെയ്യുന്നുമുണ്ട്.

(ഡി) ഉണ്ട്. 5086 മെട്രിക് ടൺ.

(ഈ) ഇൻഡൻറ് (Indent) അയയ്ക്കുന്നതിനു കേരളസ്റ്റോറ് സംബന്ധം ഇൻഡസ്ട്രീസ് കാർപ്പറേഷനു നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) ഇല്ല.

† Appendix V

LIBRARY ARCHIVES Kerala Legislative Assembly